9

മുദ്രാഗീതം


| | |
|---|---|
| വനഗാഥ | 2 |
| നമുക്ക് മഴ വേണ്ട | 2 |
| കേരളം എവിടെ? | 2 |
| കണ്ണീർ വറ്റി | 3 |
| ഇതൊന്നു കേൾക്കൂ | 3 |
| കട്ടുമുടിച്ചു | 3 |
| യൂക്കാലി! | 4 |
| പ്ലാന്റേഷൻ! | 4 |
| പാവങ്ങളുടെ പേരിലും! | 5 |
| സൈലന്റുവാലി | 6 |
| ഹെലിപ്പാഡ്! | 6 |
| വികസനമെന്നവെട്ടിപ്പ്! | 6 |
| ആനവേട്ടയും കഞ്ചാവുകൃഷിയും | 7 |
| കാടും മലയും മണ്ണും വിണ്ണും... | 7 |
| ജനരോഷം പടരുന്നു | 7 |
| പടയണി വരുന്നു | 8 |
| ഗ്രാമഗീതം | 8 |
| ഗ്രാമസ്വരാജ്! | 8 |
| അവരുടെ പേരിൽ | 9 |
| ഹരിജനങ്ങൾ | 9 |
| വിലക്കയറ്റം | 10 |
| മായം മായം | 10 |
| വിദ്യാഭാസം! | 10 |
| ചികിത്സാ രംഗം | 11 |
| നാടിനുചേർന്ന സാങ്കേതിക വിദ്യ | 12 |
| മലിനീകരണം | 13 |
| ഏതിനുവേണം മുൻഗണന | 13 |
| മോചനമാർഗം അധ്വാനം | 14 |
| വരുന്നു ഞങ്ങൾ മുന്നോട്ട് | 14 |
| ഭരണം പഠനം മലയാളത്തിൽ | 14 |
| പുതിയൊരു ശബ്ദം | 14 |

## വനഗാഥ

1

കാടുനശിക്കുന്നൂ നമ്മുടെ
നാടു നശിക്കുന്നൂ
കാടും നാടും കട്ടുമുടിക്കും
കാട്ടാളന്മാർ പെരുകുന്നു
അവരുടെ കൈകളെയരിഞ്ഞുവീഴ്ത്താൻ
അണിയണിയായ് നാം മുന്നോട്ട്!

**2. നമുക്ക് മഴു വേണ്ട**

പണ്ടൊരു മഴുവക്കടലിലെറിഞ്ഞി-
ട്ടുണ്ടായിപോലീഭൂമി
ഇന്നാമഴുവാൽ കാടുമുടിച്ചി-
ട്ടുണ്ടാക്കുന്നൂ മരുഭൂമി
        ഭരണക്കാരുടെയനുമതിയോടെ
        അധികാരികളുടെ തുണയോടെ
        വിവരക്കേടു പറഞ്ഞു നടക്കും
        'കളസ'ക്കാരുടെയറിവോടെ
        കാടുമുടിക്കുന്നിനിയും നമ്മളു
        കാണികളായാൽ പറ്റില്ല.
        ഭൃഗുരാമന്റെ പരമ്പര, നാമീ-
        യഴിമതികണ്ട് പൊറുക്കില്ല.
നമുക്കു, നമ്മുടെ മക്കൾക്കവരുടെ
മക്കൾക്കിവിടെ കഴിയേണ്ടേ
ആ മഴുവാങ്ങണമവരെയുമൊന്നി-
ച്ചറബിക്കടലിൽ താഴ്ത്തേണം.

**3. കേരളം എവിടെ?**

തിരിമുറിയാ മഴപെയ്യും നമ്മുടെ
തിരുവാതിരയിന്നെവിടെപ്പോയ്?
കർക്കിടകപ്പൂയത്തിനുമാത്രമി-
തെത്തുന്നെന്തേ പുതുവർഷം?
കുടകൂടാതെ നടക്കാൻപറ്റാ-
ത്തിടവപ്പാതികളിന്നെവിടെ?
വൃശ്ചികമാസക്കാറ്റെവിടെ കുളി-
രെത്തിക്കുന്നൊരു ധനുവെവിടെ?
വിത്തും കൈക്കോട്ടും കൊണ്ടെത്തണ
വിഷുവൽ പക്ഷികളെവിടെപ്പോയ്?
എവിടെപ്പോയി തുലാവർഷം പ-
ണ്ടിടിയും മഴയും പൊടിപൂരം.
ആതിരരാവിൽക്കുളിച്ചു കുറിയിട്ടൂഞ്ഞാലാടിപ്പാടിടും
ശാലീനതയുടെ ചാരുതചേരും
കേരള ഗ്രാമശ്രീയെവിടെ?
തുമ്പികൾ വീണക്കമ്പികൾ മീട്ടും
ചിങ്ങവസന്ത ശ്രീയെവിടെ?
നമ്മുടെ മാമലനാടേ,
കേരളനാടേ നീയെവിടെ?

4. കണ്ണീർ വറ്റി
കിണറും കുളവും പുഴയും വറ്റി
കാലാവസ്ഥ തകർന്നല്ലോ.
മണ്ണിന്നുറവകൾ സർവ്വം വറ്റി
കണ്ണീർപോലും വറ്റുന്നൂ.
ഞാറ്റുവേലകൾ താളം തെറ്റി
നമ്മുടെ കർഷകർ തറപറ്റി
ഇടമഴയില്ലാതായീ വിത്തുകൾ
അറയിലിരുന്നു പുഴുങ്ങുന്നു!
ഏലമുണങ്ങീ കാപ്പികരിഞ്ഞു
തേയിലയെല്ലാം വാടിപ്പോയ്
നെൽപാടങ്ങൾ വരണ്ടൂ വിണ്ടു
തെങ്ങിൻ കൂമ്പുകൾ കരിയുന്നു.
    തരിശായ് നമ്മുടെ കൃഷിയിടമെല്ലാം
    തളരുന്നല്ലോ ഗ്രാമങ്ങൾ
    കുടിനീരില്ലാ വെളിച്ചമില്ല
    നാടൊരു മരുഭൂവായല്ലോ!

5. ഇതൊന്നു കേൾക്കൂ
ഇതൊന്നു കേൾക്കൂ നാട്ടാരെ
    കാടില്ലെങ്കിൽ നാടില്ല
    നാടില്ലെങ്കിൽ നാമില്ല
    മനുഷ്യവംശം നിലനിൽക്കണമോ
    മരങ്ങൾ വെച്ചു പിടിപ്പിക്കൂ.
കാടില്ലെങ്കിൽ മഴയില്ല
മഴയില്ലെങ്കിൽ പുഴയില്ല
മഴയും പുഴയും വറ്റിവരണ്ടാൽ
കേരളമെന്നൊരു നാടില്ല
മണ്ണുള്ളേടത്തെങ്ങെങ്ങും
നട്ടുവളർത്തൂവൃക്ഷങ്ങൾ
കണ്ണെത്തുന്നേടത്തെങ്ങും
വെട്ടു തടുക്കു മരിച്ചാലും

കാടീനാടിനു കേടല്ലാ
കാടീനാടിന്നീടാണ്
കാടുകൾ വെട്ടിവെളിപ്പിക്കുന്നൊരു
കാടന്മാരുടെ കൈവെട്ടൂ.

6. കട്ടുമുടിച്ചു

    മുച്ചിക്കുണ്ട് പുളിക്കമ്പാറ
    പുഞ്ചക്കൊല്ലി നെന്മാറ
    കക്കിയിടുക്കിയിലെല്ലാം കാടുകൾ
    കട്ടുമുടിച്ചു കഴിഞ്ഞല്ലോ.
    റാന്നി നശിച്ചൂ കോന്നി നശിച്ചൂ
    നമ്മുടെ കാടുകൾ തീർന്നല്ലോ.
    പുൽക്കൊടിപോലും വെട്ടിത്തീർത്തൊരു
    മൊട്ടക്കുന്നായടിമാലി.
    പുൽപള്ളിയിലിന്നെന്തുണ്ട്?

അൽപം മാത്രം റബ്ബറുണ്ട്
തേക്കടി കോന്നി കുനലത്തൂപ്പുനപ്പുവയിൽ
യൂക്കാലിപ്ടസ് കാടുണ്ട്.
വെട്ടിത്തീർത്തു മഴക്കാടെന്നി–
ട്ടിപ്പണി ചെയ്തതു ഭ്രാന്തല്ലേ?
ചിതലയറേഞ്ചിൽ വയനാട്ടിൽ
ചിതലിൻപുറ്റുകൾ ശേഷിപ്പൂ
അകമലവാരം മുഴുവൻ കരിയുടെ
കുഴിയും കുണ്ടും ശേഷിപ്പൂ.
നമ്മുടെ കാടുകളെല്ലാമെല്ലാം
എല്ലാം കട്ടുമുടിച്ചല്ലോ!

7. യൂക്കാലീ!
നല്ല മരങ്ങൾ മഴക്കാടുകളി–
ന്നെല്ലാമെല്ലാം തീർത്തല്ലോ.
എന്നിട്ടവിടെ യൂക്കാലീ–
വമ്പന്മാർക്കു വളർത്തുന്നു.
അവരെപ്പോലീയൂക്കാലീ–
എവിടേം വളരും യൂക്കാലീ
വളവും വെള്ളോം നൽകീല്ലേലും
വളർന്നുപൊങ്ങും യൂക്കാലീ
മണ്ണിലെ വെള്ളം കുടിച്ചുതീർത്തു
മരുഭൂവാക്കും യൂക്കാലീ
എന്തിനു കൊള്ളാം യൂക്കാലീ
ബിർളക്കേകാം യൂക്കാലീ
വെള്ളൂർ മാവൂർ പുനലൂർ പേപ്പറു
മില്ലുകൾ വാങ്ങും യൂക്കാലീ
ഉണ്ടാക്കാൻ ചിലവെഴുപതു രൂപാ
വിറ്റാൽ കിട്ടും പതിനൊന്ന്!
അമ്പത്തൊമ്പതു നമുക്കു നഷ്ടം
സമ്പത്തവർക്കു കൂടുന്നു!
അവർക്കു ലാഭം കിട്ടാൻ നാമി–
'കുരുപ്പു'നട്ടു വളർത്തണമോ?
അതിന്നുവേണ്ടീട്ടൊന്നാന്തരമീ–
ഹരിതവനങ്ങൾ തകർക്കണമോ?
നമ്മുടെ പൊതുഖജനാവു മുടിച്ചീ
കള്ളന്മാരെ പോറ്റണമോ?
നട്ടതു മുഴുവൻ വെട്ടിയൊഴിക്കൂ
നമുക്കുവേണ്ടാ യൂക്കാലീ.

8. പ്ലാന്റേഷൻ!

എടവണ്ണയിലെക്കാടുമുടിച്ചാ
ക്കശുമാവെന്തിനു കൃഷിചെയ്തു?
മണ്ണാർക്കാടുമരിമ്പ്രക്കുത്തും
കൊള്ളയടിച്ചതുമതിനല്ലേ?
റബ്ബറു നടുവാൻ കാടുകൾ വെട്ടിയ–
തെത്തറയെന്നു കണക്കുണ്ടോ?
വെട്ടാൻ ലക്ഷം വെക്കാൻ ലക്ഷം
സംരക്ഷിക്കാൻ ദശലക്ഷം!

സർക്കാർ പ്ലാന്റേഷന്റെ രഹസ്യമി-
താർക്കാണാർക്കാണറിയാത്തൂ?
എത്തറ എത്തറ കീശനിറച്ചു
അത്തറ കാടുവെളിപ്പിച്ചൂ!
എണ്ണപ്പനയാണേറ്റവുമൊടുവിൽ
കണ്ടെത്തിയതീമാന്യന്മാർ
കാടുനശിപ്പിച്ചെണ്ണപ്പനയുടെ
കാടുവളർത്താൻ പോകുന്നു!
മട്ടി നടാനായ് നെല്ലിക്കുത്തിൽ
വെട്ടിയിറക്കീ നല്ല മരം
വിഡ്ഢികളിവരുടെ തലയിൽ കളിമൺ
കട്ടകളാണേ മൂന്നു തരം!
തേക്കിൻതോട്ടം വനമല്ല
യൂക്കാലിപ്ടസ് വനമല്ല
കാപ്പിത്തോട്ടം ചായത്തോട്ടം
വനമല്ലല്ലോ വനമല്ല.
വനമീനാടിനു നൽകും നന്മക-
ളിവയ്ക്കുനൽകാനാവില്ല.
സ്വന്തം കീശനിറയ്ക്കാനല്ലാ
തൊന്നിനുമല്ലീ പ്ലാന്റേഷൻ

9. പാവങ്ങളുടെ പേരിലും!

ഹരിതവനം നാമനവധി വെട്ടി
ഹരിജനവികസനമാണത്രേ
ഒരുപാടതുപോൽ വെട്ടിത്തീർത്തു
ഗിരിജന വികസനമാണത്രേ.
കാടുകൾ വെട്ടിക്കാശുണ്ടാക്കാൻ
കഴിയും നല്ലൊരു പരിപാടി.
ഹരിജനവികസന പരിപാടി
ഗിരിജനവികസന പരിപാടി
അവരുടെ പേരിൽ കട്ടുമുടിച്ചാ
ലാരുമെതിർക്കുകയില്ലല്ലോ
'ഐഡിയകൊള്ളാം കാലെന്റേതാ'-
ണറിയാം കാര്യം മാളോരെ.
അവശന്മാരാണാർത്തന്മാരാ-
ണവരെല്ലാവരുമെന്നിട്ടും
അവർക്കു കോളനിതീർത്തതു റബ്ബറിൻ
തടികൊണ്ടാണെന്നറിയാമോ?
അതിന്റെ കീഴിൽ തലചായ്ക്കാനവർ
പേടിക്കുന്നുണ്ടറിയാമോ?
അവർക്കു വിദ്യാലയമുണ്ടെന്നാ-
ലാളില്ലല്ലോ പഠിപ്പിക്കാൻ
അവർക്കു ഭക്ഷണമൗഷധമൊന്നും
കിട്ടുന്നില്ലെന്നറിയാമോ?
അവരുടെ കാട് നശിപ്പിച്ചൂ
സ്വന്തം കീശ നിറപ്പിച്ചൂ.
എന്നിട്ടിപ്പൊഴുമവരുടെ പേരിൽ
മുതലക്കണ്ണീർ വീഴ്ത്തുന്നു.
ചമ്മട്ടിയെടുത്തോടിക്കണമീ

കള്ളന്മാരുടെ പറ്റത്തെ!

10. സൈലന്റുവാലി

സൈലന്റുവാലിക്കാടു നശിച്ചാൽ
നാടിന് നഷ്ടം നാട്ടാരെ.
മരുഭൂവായിത്തീരും നമ്മുടെ
മണ്ണാർക്കാടും പരിസരവും
മരുഭൂവായിത്തീരും നമ്മുടെ
മലപ്പുറം നാടറിയാമോ?
ഇവിടേക്കുള്ള ജലസ്രോതസ്സാ-
ക്കാടുകളാണെന്നറിയാമോ?
നമുക്ക്, നാടിന്, ലോകത്തിന്നൊരു
നിധിയാണക്കാടറിയേണം.
വെട്ടിവെളുപ്പിച്ചവിടെ പുതിയൊരു
പദ്ധതിയുണ്ടായ്ത്തീരുമ്പോൾ
നമുക്കു നഷ്ടം നാടിനു നഷ്ടം
ലോകത്തിന്നേ വൻനഷ്ടം.
കള്ളന്മാർക്കും കരാറുകാരനു-
മല്ലാതാർക്കാണൊരു ലാഭം?
ലോകത്തെവിടെയുമാണേൽ
കണ്ണിൻമണിപോലവരിതു സൂക്ഷിക്കും
കേരളമാണിത്; കാശിന് കണ്ണിൻ
മണിയും കുത്തിപ്പൊട്ടിക്കും.
ഭൂഗർഭജലം കൊണ്ടു നനക്കാം
പാലക്കാടിൻ പാടങ്ങൾ
ഇടുക്കി നൽകും വൈദുതി വിൽക്കാ-
തിരിക്കുമെങ്കിൽ കട്ടായം
മലപ്പുറത്തിനു വൈദ്യുതി നൽകാൻ
എളുപ്പമല്ലേ സർക്കാറേ?
ഇതിനക്കാടു നശിപ്പിക്കണമോ
പലപ്രാവശ്യം ചിന്തിക്കൂ.
വീട്ടിൽ പട്ടിണി, വിരുന്നുകാരന്
വിഭവം തേടി നടക്കരുതേ.

11. ഹെലിപ്പാഡ്!

പണമുള്ളോർക്കു പറന്നു വരാനായ്
ശബരിമലക്ക് ഹെലിപ്പാഡ്
അതിനും വെട്ടി മഴക്കാട്-ഈ
ഭരണക്കാരുടെ വഴിപാട്.
നാടിനുവന്നൊരു ഗതികേട് - ഈ
കാശുണ്ടാക്കുന്നെടപാട്.

12. വികസനമെന്നവെട്ടിപ്പ്!

കൂട്ടുകൃഷിസ്ഥലമുണ്ടാക്കീ നാം
കൂത്താളിയിലും പലേടത്തും
ആറളമില്ലിത്തോട്ടിൽ ഫാമുക-
ളാരുടെ കീശ തടിപ്പിച്ചൂ

മുണ്ടേരിയിലും മുട്ടിക്കടവിലു-
മെന്താണിന്നു നടക്കുന്നൂ?
വികസനമെന്നാൽ വെട്ടിപ്പാണെ-
ന്നറിയാത്തവരിന്നാരുള്ളൂ.
കട്ടുമുടിക്കാൻ കഴിയണമതിനായ്
പദ്ധതിയോരോന്നുണ്ടാക്കും
കള്ളന്മാരേ കൊള്ളക്കാരേ
നിങ്ങൾക്കിനിയും മാപ്പില്ല.
കാടുകൾ വെട്ടി വെളുപ്പിക്കുന്നു.
നാടതുകൊണ്ടു നശിക്കുന്നു.
ഡാമുകളെല്ലാം നികന്നുപോയി
നമുക്കു നഷ്ടം പെരുകുന്നു.
നെയ്യാർ പീച്ചിയിടുക്കി തുടങ്ങിയ
ജലസംഭരണികൾ തൂർന്നല്ലോ.
മുകൾപരപ്പിലെ വെള്ളം കണ്ടി-
ട്ടാരും ഞെളിയേണ്ടിനിമേലിൽ
കറന്റു കട്ടും ഫാക്ടറി പൂട്ടും
തൊഴിലില്ലതിനാൽ പട്ടിണിയും
വരുന്നു മേലിൽ പ്ലേഗു, മസൂരി
കോളറയെല്ലാമൊന്നിച്ച്!
മേൽമണ്ണുള്ളതു പോയിത്തീർന്നാ-
ലെന്തിനുകെള്ളാമീഭൂമി?
പരമദ്രോഹികൾ നിങ്ങളെ നിർദയ-
മരിയും ഞങ്ങൾ സൂക്ഷിച്ചോ-

13. ആനവേട്ടയും കഞ്ചാവുകൃഷിയും

കൊമ്പനാനകൾ രണ്ടോ മൂന്നോ
നമ്മുടെ കാട്ടിൽ ശേഷിപ്പൂ
കൊന്നുകളഞ്ഞൂ മറ്റുള്ളവയെ
കൊമ്പുകളൂരിയെടുക്കാനായ്
ഇടുക്കിജില്ലയിലവിടവിടെ കാ-
ടടക്കിവെട്ടിക്കത്തിച്ചൂ
കഞ്ചാവിന്റെ വയൽത്തോട്ടം തീർ
ത്തുണ്ടാക്കുന്നു ലക്ഷങ്ങൾ.

14.

കാടും മലയും മണ്ണും വിണ്ണും
ആർക്കും കുത്തകയല്ലിവിടെ
ഇഷ്ടംപോലെ കൊള്ളയടിക്കാ-
നിവിടെ പൊതുമുതലാണല്ലോ
സ്വകാര്യ സ്വത്തായ് തീർത്തിട്ടവയെ
സംരക്ഷിക്കാൻ നോക്കുന്നു.
കോടതി നിയമം സർക്കാരെല്ലാ-
മവർക്കു കാവലുനില്ക്കുന്നു!

15. ജനരോഷം പടരുന്നു

ഭരണക്കാരോടൊരു ചോദ്യം

മറുപടിതന്നേ മതിയാവൂ
എവിടെ നിങ്ങടെ നീതിബോധം?
എവിടെപ്പോയി ജനസ്നേഹം?
ഇവിടെ കൊള്ള നടത്തുന്നോരെ
തടവിലിടാൻ ജയിലില്ലെന്നോ
അവരുടെ കൈയുകൾതട്ടാൻ കെട്ടാൻ
വെട്ടാൻ നിങ്ങൾക്കാവില്ലെ?
നിങ്ങളവർക്കു സഹായികളതിനാൽ
നിങ്ങളുതന്നെ കള്ളന്മാർ.
കാട്ടുകള്ളന്മാരിവരെ
ത്തൂക്കിലിടാനിവിടാളില്ലേ
കോടതിയില്ലേ സർക്കാരില്ലേ
കൊള്ളനിറുത്താൻ വഴിയില്ലേ.
സസ്യശ്യാമള കേരള നാടിതു
സഹാറയാക്കാൻ തുനിവോരെ
നിങ്ങൾക്കെതിരായുയരുന്നു
ജനകോടികളുടെ പ്രതിഷേധം.

16. പടയണി വരുന്നു

കക്കുന്നവരുടെ കൈവെട്ടാൻ
ശക്തിയെഴുന്നവരിവിടുണ്ട്
അലറിവരുന്നുണ്ടവരുടെ പടയണി
കരുതിയിരുന്നോ വഞ്ചകരെ
അഭിമന്യുവിനെപ്പോലീപത്മ-
വ്യൂഹത്തിൽ ചെന്നടരാടാൻ
മരിച്ചുവീഴാൻ തയ്യാറായൊരു
ചാവേർപടയുടെ വരവുണ്ട്
അരിഞ്ഞുവീഴ്ത്തുമനീതികൾ നിങ്ങൾ-
ക്കഭയം നൽകില്ലൊരുനാളും
കരുതിയിരുന്നോ കാപാലികരെ
കൊള്ളക്കാരെ വഞ്ചകരേ!
മരമൊരു വരമാണല്ലോ നമ്മൾ
മരങ്ങളെ സ്നേഹിക്കേണം.
വനമൊരു ധനമാണല്ലോ നമ്മൾ
വനങ്ങൾ സംരക്ഷിക്കേണം.

## ഗ്രാമഗീതം

എഴുപതുകോടി ജനങ്ങളിലെൺപത്
ശതമാനവുമീഗ്രാമത്തിൽ
അവരുടെ പേരിൽ നടക്കും വികസന
പരിപാടികളോനഗരത്തിൽ
ഒന്നെൻകൂടെ വരാമോ കാണാം
ചതഞ്ഞരഞ്ഞൊരു ഗ്രാമമുഖം

1. ഗ്രാമസ്വരാജ്!

ഗ്രാമങ്ങളിലൂടല്ലോ ഭാരത
മോചനമെന്നുധരിച്ചവർ നാം

സ്വന്തം കാലിൽ നിൽക്കും ഗ്രാമം
സ്വപ്നം കണ്ടു കഴിഞ്ഞവർ നാം
നാട്ടിൻ പുറമാണിന്നു സമൃദ്ധം
നാട്യംദരിദ്രം നഗരങ്ങൾ
നമ്മുടെ കവികൾപാടി, പക്ഷെ
സംഗതിയെന്തെന്നറിയാമോ?
ഒന്നെൻകൂടെ വരാമോ കാണാം
നമ്മുടെ ഗ്രാമവിശേഷങ്ങൾ
നമ്മുടെ രാഷ്ട്രപിതാവു മഹാത്മജി
താലോലിച്ചൊരു സങ്കൽപ്പം
സമത്വസുന്ദരഗ്രാമസ്വരാജ്യം
നമുക്കുനഷ്ടപ്പെട്ടല്ലോ...
ഒന്നെൻ കൂടെ വരാമോ കാണാം
നമ്മുടെ നാടിൻ ദീനമുഖം...

2. അവരുടെ പേരിൽ

എഴുപതുകോടി ജനങ്ങളിലെൺപതു
ശതമാനവുമീഗ്രാമത്തിൽ
അവരുടെ പേരിൽ നടക്കും വികസന
പരിപാടികളോനഗരത്തിൽ
അവർക്കു രോഗചികിത്സക്കില്ലാ
മരുന്നു കിട്ടാൻ സൗകര്യം
അവരുടെ മക്കൾക്കില്ല പഠിക്കാൻ
ഉയരാൻ വളരാൻ സൗകര്യം
അവരാണത്രെ നാടിൻനട്ടെ
ല്ലെന്നു പുകഴ്ത്തുന്നെല്ലാരും
പ്രസംഗവേദിയിലിന്നും ഗ്രാമം
തേനും പാലുമൊഴുക്കുന്നൂ
ഒന്നെൻകൂടെവരാമോകാണാം
ചതഞ്ഞരഞ്ഞൊരു ഗ്രാമമുഖം

3. ഹരിജനങ്ങൾ

പുകയിലപോലെ വാടിയുണങ്ങിയ
തൊഴിലാളികളെക്കണ്ടില്ലേ?
വയലേലകളിൽ, തെങ്ങിൻതോപ്പിൽ
നിഴലുകൾ പോലവർനീങ്ങുന്നൂ.
അറുപതിലേറെവയസ്സായ് വിശ്രമ
മറിയാത്തവനാണയ്യപ്പൻ
എത്രവയസ്സു കഴിഞ്ഞെന്നിനിയും
നിശ്ചയമില്ലാചാത്തപ്പൻ
വയലേലകളിൽ തെങ്ങിൻതോപ്പിൽ
നിഴലുകൾ പോലവർ നീങ്ങുന്നൂ
മഞ്ഞും മഴയും വെയിലും കൊണ്ടവ-
രിന്നും മണ്ണിൽ പണിയുന്നൂ
ഉരുക്കുകൈകളവർക്കുള്ളതിനാൽ
വിശപ്പു മാറ്റുന്നീലോകം
കുപ്പായത്തിൻ മാന്യതകാട്ടി
ഞെളിഞ്ഞു നടക്കുന്നീലോകം

ഹരിജനമെന്നു വിളിച്ചീക്കൂട്ടരെ
അപമാനിക്കും മാന്യരേ
അവരുടെ പേരിൽ കൊള്ളനടത്തി
തടിച്ചു വീർക്കും നീചരേ
അവരുണരുന്നൊരു കാലംവരവാ-
യോർത്തിരിക്കിൻ മാന്യരേ....

4. വിലക്കയറ്റം

ഞങ്ങടെറബ്ബറിനില്ലവില
ഞങ്ങടെ തേങ്ങക്കില്ലവില
ഞങ്ങടെ നെല്ലിന് കയറിന് കാപ്പി
ക്കൊന്നിനുമില്ല നല്ലവില
കിട്ടാനുള്ളതിനെല്ലാമെല്ലാം
തൊട്ടാൽപൊള്ളും തീയുവില
ഉപ്പു തുടങ്ങി ക്കർപ്പൂരം വരെ
യെല്ലാറ്റിന്നും തീവില...
കുത്തകയവരുടെയുൽപന്നങ്ങൾ
ക്കിഷ്ടംപോൽ വിലയേറ്റുന്നൂ
കുത്തകകൊട്ടണ താളം തുള്ളണ
വിഡ്ഢികൾ നാടുഭരിക്കുമ്പോൾ
പിടിച്ചു നിർത്താൻ കഴിയില്ലല്ലോ!
കുതിച്ചുകയറും വിലയേറ്റം!

5. മായം മായം

ഉപ്പിൽ മുളകിൽ മരുന്നിൽ, മർത്യന്
വേണ്ടതിലെല്ലാം മായം മായം
ദരിദ്രരേഖക്കടിയിൽ ജീവിത-
മമ്പേ ദു:ഖം മറിമായം
വസ്ത്രം പാർപ്പിടമാരോഗ്യം
വഞ്ചനകാണാത്തിടമില്ല
വിദ്യാഭ്യാസമൊരാഭാസം
നീതിന്യായമതന്യായം
മായം മാറ്റം അളവിൽ കുറവ്
വിലയിൽ കൂടുതൽ നികുതികളും
കള്ളപ്പരസ്യം കാലവിളംബം
തട്ടിപ്പുകളൊരു നൂറു വിധം...

6. വിദ്യാഭാസം!
ഓലപൊതിഞ്ഞാ ഗ്രാമത്തെരുവിൻ
മൂലയിൽ നിങ്ങൾകണ്ടില്ലേ?
കൂനിക്കൂടിയിരിപ്പൂപള്ളി-
ക്കൂടം സർക്കാർ സൗജന്യം!
നമ്മുടെ മക്കൾപഠിക്കാൻ സർക്കാർ
കനിഞ്ഞു നൽകിയ സൗജന്യം!
അവസരതുല്യത നമ്മൾക്കേകാൻ
അധികാരികളുടെ യൗദാര്യം

അതിന്റെ മൂലയിലാടും ബെഞ്ചിൽ

ചടഞ്ഞിരിക്കുവതെന്തെന്നോ
അതാണു നമ്മുടെ നാടിൻഭാവി
അവരീനാടിൻ ചൈതന്യം!

കാറ്റുള്ളപ്പോൾ സ്കൂളില്ല
മഴയുള്ളപ്പോൾ സ്കൂളില്ല
കാറ്റും മഴയും കൂടിവരുമ്പോൾ
പ്രാർത്ഥന; മറ്റൊരു ഗതിയില്ല!

വിലയില്ലാത്തവർ ഞങ്ങടെ മക്കൾ
ക്കിതു ധാരാളം മതിയല്ലോ!
പണമുള്ളോരുടെ കുഞ്ഞുങ്ങൾക്കീ
പദ്ധതി പറ്റുകയില്ലല്ലോ

ഭാഗ്യം ചെയ്തവരവരാണല്ലോ
ഭാവിയിൽ നമ്മുടെ ഡാക്ടറുമാർ,
ഭാവിയിലയ്യേയെസ്സുകൾ നമ്മുടെ
നാടുഭരിക്കണ നേതാക്കൾ....

അവരെയൊരുക്കിമെരുക്കിയെടുക്കാൻ
വിലയേറുന്ന വിധാനങ്ങൾ
കിന്റർഗാർട്ടൻ, നഴ്സറി പിക്നിക്
ക്രിക്കറ്റ് ക്ളബ്ബുകൾ നഗരത്തിൽ
സ്റ്റേഡിയമുണ്ടു കളിക്കാനിംഗ്ളിഷ്
മീഡിയമുണ്ടു പഠിച്ചീടാൻ
ഭാഗ്യം ചെയ്തവരവരാണല്ലോ
ഭാരതഭാഗ്യ വിധാതാക്കൾ!
കാശുള്ളോർക്കേസീറ്റുള്ളു
കലാലയങ്ങളിലെന്നായി
പകിടികൊടുത്തു പഠിക്കാൻ കഴിയാ-
പ്രതിഭകൾ വറ്റിനശിക്കുന്നൂ
പകിടികൊടുത്താൽ മാർക്കായി
പകിടികൊടുത്താൽ സീറ്റായി
പകിടികൊടുത്താലെന്തും കിട്ടും
കടയായ് വിദ്യാക്ഷേത്രങ്ങൾ
ക്ഷണിച്ചുവന്നവരകത്തിരിക്കും
അവർക്കുകിട്ടും ബിരിയാണി
കലക്കിമോന്തും കൂട്ടർക്കൊടുവിൽ
കിട്ടാമിത്തിരിസർവാണി
ഇതാണ് നമ്മുടെ വിദ്യാഭ്യാസം
വിദ്യാഭാസ പ്രതിഭാസം!

7. ചികിത്സാ രംഗം

രോഗം വന്നാൽ മരുന്നു കിട്ടാൻ
ഗ്രാമങ്ങൾക്കില്ലാസ്പ്‌ത്രി
ചുവന്നവെള്ളം കിട്ടും പ്രൈമറി
സെന്ററിലെത്തുകിലൊരു കുപ്പി
മൽട്ടീനാഷണലുണ്ടാക്കും
മരുന്നുകൾ പലതും വിഷമാണ്

വിഷമാണയ്യോ വിഷമാണ്
കൊല്ലാൻ പറ്റും വിഷമാണ്
വിഷം കുറിക്കും ഡോക്ടർക്കിവിടെ
കുത്തക നൽകും സമ്മാനം
വിഷം കഴിച്ചീരോഗിമരിച്ചാൽ
വിധിയാണെന്നു സമാധാനം!
ജലദോഷത്തിനു ടെട്രാസൈക്ളിൻ
എലിയെക്കൊല്ലാൻ പീരങ്കി
പനിക്ക് ക്ലോറോംഫിനിക്കോൾ
കൊതുവേട്ടക്കീ കൈത്തോക്ക്
കുറിച്ചുകിട്ടണ മരുന്നു പലതും
കൊല്ലാൻ പറ്റിയതാണല്ലോ
വികസിത രാഷ്ട്രം വിലക്കുനൽകിയ
വിഷമീനാട്ടിൽ വിൽക്കുന്നു.
ഇഷ്ടംപോലതു വിൽക്കാൻ നമ്മുടെ
സർക്കാർ സമ്മതിയേകുന്നൂ
കോടികൾ കോടികൾ നേടും കുത്തക
നാടുമുടിച്ചു തടിക്കുന്നൂ
പാഷാണങ്ങൾ കഴിച്ചീനാട്ടിൽ
പാവപ്പെട്ടവർ ചാവുന്നൂ....

8. നാടിനുചേർന്ന സാങ്കേതിക വിദ്യ

ശാസ്ത്രജ്ഞന്മാർ അനവധിയുണ്ടീ
നാട്ടിൽ സംശയമില്ലല്ലോ
ആണവബോമ്പുകൾ പൊട്ടിച്ചൂനാം
രോഹിണി മാനത്തെത്തിച്ചൂ.
ബഹിരാകാശ ഗവേഷണരംഗത്ത-
ഭിമാനിക്കാൻ വകനേടീ.
ശരിയാണെന്നാലവരീ നാട്ടിൽ
തൊഴിലാളിക്കെന്തുണ്ടാക്കീ?
പട്ടിണി രേഖക്കടിയിൽക്കഴിയണ
പാവങ്ങൾക്കെന്തുണ്ടാക്കീ?
അധ്വാനത്തിൻ ഭാരംതെല്ലു
കുറയ്ക്കാൻപറ്റും യന്ത്രങ്ങൾ
തളപ്പിടാതെ തെങ്ങുകയറ്റമ-
തെളുപ്പമാക്കണ യന്ത്രങ്ങൾ
നിവർന്നു നിന്നാഞാറീമണ്ണിൽ
നടുവാൻ പറ്റിയ യന്ത്രങ്ങൾ
നാടിനു വേണമിതെല്ലാമെന്നാൽ
നേടിയതെന്തീ ശാസ്ത്രജ്ഞർ?
കാറും ഫ്രിഡ്ജുമെയർക്കണ്ടീഷൻ
കാശുണ്ടാക്കണ കാര്യങ്ങൾ.
ഹിൽവേ ധൂർത്തിനു കാശില്ലിവിടെ
ഗ്രാമറോഡിനു മുൻഗണന
കാളവണ്ടികൾ സൈക്കിളിനല്ലോ
കാറിനല്ലിനി മുൻഗണന
കുടിലോരോന്നിലുമോരോനല്ലൊരു
കക്കൂസുണ്ടായ്ത്തീരട്ടെ
കൊട്ടാരത്തിലെയർ കണ്ടിഷൻ

പിന്നെമതീ, മെല്ലെമതി
ഉപഭോഗ ഭ്രാന്തവസാനിപ്പിച്ചിട്ടി-
വിടെ ജനിച്ചോരെല്ലാരും
ഒരുമിച്ചുയരാൻ വളരാൻപറ്റും
പരിപാടിക്കേ മുൻഗണന
നാടിനുചേരും ടെക്നോളജിയീ
നാടിനു കൈവശമായില്ലാ.
മണ്ണിൽച്ചവിട്ടി നിൽക്കാത്തവരേ
നിങ്ങൾക്കിനിയതു കഴിയില്ല...

9. മലിനീകരണം

തൊഴിലില്ലായ്മക്കറുതിവരുത്താൻ
വ്യവസായങ്ങൾ തുടങ്ങി നാം
വ്യവസായം കൊണ്ടെല്ലാടത്തും
മലിനീകരണം നേടീ നാം
പട്ടിണിമാറ്റാൻ തൊഴിലുണ്ടാക്കാൻ
പറ്റും നമ്മുടെ ഫാക്ടറികൾ
നഞ്ചു പുറത്തേക്കൊഴുക്കി നമ്മളെ
യിഞ്ചിഞ്ചായിക്കൊല്ലുന്നൂ.
വെള്ളൂർ പുനലൂർ മാവൂർഫാക്ടറി
യെല്ലാമിപ്പണിചെയ്യുന്നൂ
നാടുനശിച്ചിട്ടങ്ങനെ കുത്തക
കോടികൾ വാരിക്കൂട്ടുന്നൂ
അതിന്നു കൂട്ടായ് നിൽക്കുന്നോർക്കും
അതിന്റെ വിഹിതം കിട്ടുന്നു
ബിർലതടിക്കാൻ ബിർലക്കൊഴുക്കാൻ
വാഴക്കാട് നശിക്കണമോ
മാറാവ്യാധികളേറ്റിനടക്കും
പുത്തൻ തലമുറ വളരണമോ
തൊഴിലുണ്ടാക്കുന്നതിന്റെ പേരിൽ
താന്തോന്നിത്തം കാട്ടണമോ?
വ്യവസായങ്ങൾ വേണം പക്ഷെ
വിഷമീനാട്ടിൽ വിളമ്പരുത്.
തൊഴിലെല്ലാർക്കും വേണം പക്ഷെ
മറ്റുള്ളവരെക്കൊല്ലരുത്.
ആറും മലയും മണ്ണും വിണ്ണും
ആർക്കും കുത്തകയല്ലിവിടെ
പരിസര ദൂഷകരാരായാലും
വച്ചുവളർത്താൻ പറ്റില്ല!

10. ഏതിനുവേണം മുൻഗണന

അക്ഷരമെഴുതാൻ വായിക്കാൻ
അറിയാത്തോരിവിടേറുമ്പോൾ
പ്രൈമറി വിദ്യാഭ്യാസത്തിന്നേ
മുൻഗണനാ മുൻഗണനാ
ഗ്രാമീണർക്കും കർഷകനും
മുൻഗണനാ മുൻഗണനാ
അധ്വാനിക്കും ജനതക്കല്ലോ

മുൻഗണനാ മുൻഗണനാ
ദരിദ്രരേഖക്കടിയിലെയെൺപതു
ശതമാനത്തിനു മുൻഗണന

11. മോചനമാർഗം അധ്വാനം

വായും വയറും ഓരോന്നെന്നാൽ
നമുക്കു കൈകളു രണ്ടില്ലേ
പട്ടിണിതീർക്കാനുള്ള വഴി
അധ്വാനത്തിൻ നല്ലവഴി
പണിയെത്തിക്കൂ കൈകളിലതിനാൽ
പട്ടിണിയില്ലാതാവട്ടെ
ഒരൊറ്റ മോചന മാർഗം രക്ഷ
ക്കൊരൊറ്റ മാർഗം അധ്വാനം
വിഭവം കുത്തക കൂടുന്നൂ
തൊഴിലില്ലാത്തവരേറുന്നൂ
ഇവയെക്കൂട്ടിയിണക്കാൻ നമുക്കു
കഴിയില്ലെന്നോ നാട്ടാരേ
കഴിയേണ്ടേ വഴിവേണ്ടേ
ഭരണക്കാരേ ചിന്തിക്കൂ

12. വരുന്നു ഞങ്ങൾ മുന്നോട്ട്

കാര്യകാരണ ബോധത്തോടെ
നാടിൻ പ്രശ്നം പഠിക്കുവാൻ
പരിഹാരങ്ങൾ കണ്ടെത്താൻ
വരുന്നു ഞങ്ങൾ മുന്നോട്ട്
ഞങ്ങളിലില്ലാ ജാതി മതങ്ങൾ
ഞങ്ങളിലില്ലാ ഭേദങ്ങൾ
ഞങ്ങളിലുള്ളത് സാഹോദര്യം
ഞങ്ങളുടെ ചോരക്കൊരേ നിറം

13. ഭരണം പഠനം മലയാളത്തിൽ

നൂറ്റുക്കെഴുപതുപേരും നാട്ടിൽ
അക്ഷരമെഴുതാനറിയാത്തോർ
അവരെ ഭരിക്കാനിംഗ്ലീഷ് വേണോ
ആലോചിക്കൂ നാട്ടാരേ
മലയാളത്തിൽ ഭരിക്കണം
മലയാളത്തിൽ പഠിക്കണം
പള്ളിക്കൂടം കയറും മുമ്പേ
പണിയും തേടി പോയവരേ
അക്ഷരമുള്ളിലുറയ്ക്കും മുമ്പേ
പഠനം നിർത്തിയ സോദരരേ
അജ്ഞതയെറിയൂ അറബിക്കടലിൽ
അറിവാണല്ലോ നമ്മുടെ ശക്തി

14. പുതിയൊരു ശബ്ദം

കേൾക്കൂ കേൾക്കൂ പുതിയൊരു ശബ്ദം

ശാസ്ത്രത്തിന്റെ സുചിന്തിത ശബ്ദം
ശാസ്ത്രം സാമൂഹ്യവിപ്ലവത്തിന്
സമൂഹ വിപ്ലവമകലെക്കണ്ടി-
ട്ടെതിർത്തു നിൽക്കും ശക്തികളെ
തലയിലിരുട്ടു ചുമന്നു നടക്കും
പിന്തിരിപ്പൻ ശക്തികളെ
അജ്ഞതയെന്നുമനുഗ്രഹമായി
ക്കരുതിയിരിക്കും കൂട്ടരെ
കേൾക്കൂ കേൾക്കൂ പുതിയൊരു ശബ്ദം
ശാസ്ത്രത്തിന്റെ ഉശിരൻ ശബ്ദം
ശാസ്ത്രം മാറ്റങ്ങൾക്ക്
ശാസ്ത്രം ലോകം മാറ്റാൻ